(സി) നിലവിൽ തുടർന്നു വരുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നു കരുതുന്നില്ല.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ തസ്തികകൾ

63 (2938) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവസാനമായി അനുവദിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ഏത് വിദ്യാഭ്യാസ ജില്ലയിലാണെന്നും ഏത് നിയമസഭാ നിയോജക മണ്ഡലത്തിലാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തികയും, സീനിയർ സൂപ്രണ്ടിന്റെ തസ്തികയും, ക്ലാർക്കുമാരുടെ തസ്തികകളും, ടൈപ്പിസ്റ്റിന്റെയും, ശിപായിയുടെയും തസ്തികകളും അനുവദിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത തസ്തികകൾ ഇതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ ഈ സാമ്പത്തിക വർഷം തീരുന്നതിനു മുമ്പ് തന്നെ അവ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അവസാനമായി രൂപീകരിച്ച കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പാലക്കാട് വിദ്യാഭ്യാസ ജില്ലയിലാണ്. നിയോജകമണ്ഡലം കുഴൽമന്ദം.

(ബി & സി) ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും, 5 ക്ലാർക്കുമാരുടെയും തസ്തികകൾ 1-11-1956-ൽ ഓഫീസ് രൂപീകരിക്കുമ്പോൾ തന്നെ പുനർവിന്യാസം വഴി കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഒരു ശിപായിയെ വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമിച്ചിട്ടുണ്ട്. സീനിയർ സൂപ്രണ്ടിന്റെയും, ടൈപ്പിസ്റ്റിന്റെയും ശിപായിയുടെയും തസ്തികകൾ സാമ്പത്തിക ബുദ്ധിമുട്ടുകാരണം അനുവദിച്ചിട്ടില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാർ നിരോധിച്ചിരിക്കുന്നതിനാൽ ടി തസ്തികകൾ ഉടനെ അനുവദിക്കുവാൻ നിർവാഹമില്ല.

എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് "കാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം"

64 (2939) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് "കാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്" രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly